**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5953** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഒളവണ്ണ സി.എച്ച്.സി. കെട്ടിടം പൊളിച്ചുനീക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയ ആരോഗ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലെ പഴയ നിർമ്മിതികൾ പൊളിച്ചുമാറ്റി പുതിയ നിർമ്മിതികൾ ഉണ്ടാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | അധികാര കൈമാറ്റത്തിന് ശേഷവും പഴയ നിർമ്മിതികൾ പൊളിക്കാൻ ബന്ധപ്പെട്ട മാതൃവകുപ്പിന്റെ അനുമതി വേണമെന്ന് വിദ്യാഭ്യാസ വകുപ്പോ ആരോഗ്യവകുപ്പോ നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഭരണഘടനാ ഭേദഗതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ അധികാരം ഇല്ലാതാക്കുന്ന നിർദേശങ്ങൾ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) | കോഴിക്കോട് ഒളവണ്ണ സി.എച്ച്.സി. യിൽ ഭരണാനുമതി നൽകിയ ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ ആരോഗ്യവകുപ്പ് ഉന്നയിച്ച തടസ്സങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ഒളവണ്ണ സിഎച്ച്സി മെഡിക്കൽ ഓഫീസർക്ക് 23.10.2021ന് അയച്ച കത്തിന്റെ പകർപ്പ് ചേർത്ത് കെട്ടിട പരിശോധനയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ടി കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ആരോഗ്യ വിഭാഗത്തിന്റെ സ്ഥല പരിശോധനാ റിപ്പോർട്ട് പ്രകാരം നിലവിലുള്ള പ്രധാന കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ച് വഴി കണ്ടെത്തി പുറക് വശത്ത് നിർമ്മാണം നടത്തുന്നതിനാണ് അറിയിച്ചിട്ടുള്ളത്. എന്നിരുന്നാലും, മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം ബ്ലോക്ക് ഭരണ സമിതിയുടെയും ആരോഗ്യ വകുപ്പിന്റെയും കൂട്ടായ സ്ഥലപരിശോധനയിൽ റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടം പൊളിക്കുന്നത് നിലവിലുള്ള ഉപയോഗത്തെ ബാധിക്കുമെന്ന് കണ്ടതിനാൽ തൊട്ടടുത്തുള്ള 290/F നമ്പർ ക്വാട്ടേഴ്സ് കെട്ടിടം പൊളിച്ച് തൽസ്ഥാനത്ത് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തണമെന്ന് തീരുമാനിച്ചിരുന്നു. ഈ തീരുമാന |

| | | | |
|---|---|---|---|
| | | | പ്രകാരം മേൽ വിവരം ആരോഗ്യവകുപ്പിനെ അറിയിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നു. മുൻ തീരുമാനപ്രകാരമുള്ള സ്ഥലം മാറ്റുന്നതിന് ആരോഗ്യ വകുപ്പിന്റെ അനുമതി ലഭ്യമായതായി അറിയില്ലെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുന: പരിശോധനാ തീരുമാന പ്രകാരമുള്ള ക്വാട്ടേഴ്സ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അൺഫിറ്റ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 40 വർഷം കാലപ്പഴക്കമുള്ള മേൽ കെട്ടിടം പരിശോധിച്ചതിൽ വിള്ളലുകളോ സെറ്റിൽമെന്റോ യാതൊന്നും കാണുന്നില്ല. കൂടാതെ, നിലവിലെ ഉപയോഗത്തിലുള്ള കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വിവരങ്ങളും ലഭ്യമല്ല. ആയതിനാൽ അൺഫിറ്റ് നൽകിയിട്ടില്ല. പുതിയ നിർമ്മാണത്തിന്റെ അടിയന്തിര സ്വഭാവവും ആവശ്യകതയും, നിലവിലുള്ള കെട്ടിടത്തിന്റെ കാലപ്പഴക്കവും കണക്കിലെടുത്ത് നിലവിലുള്ള കെട്ടിടം പൊളിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും, ആയത് വരുന്ന ചെലവ് കണക്കാക്കിയ എസ്റ്റിമേറ്റ് സഹിതം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണെന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | കാലഹരണപ്പെട്ട ഒളവണ്ണ സി.എച്ച്.സി. യിലെ കെട്ടിടം പൊളിച്ചുനീക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ഒളവണ്ണ സിഎച്ച്സി മെഡിക്കൽ ഓഫീസർക്ക് 23.10.2021ന് അയച്ച കത്തിന്റെ പകർപ്പ് ചേർത്ത് കെട്ടിട പരിശോധനയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ടി കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ആരോഗ്യ വിഭാഗത്തിന്റെ സ്ഥല പരിശോധനാ റിപ്പോർട്ട് പ്രകാരം നിലവിലുള്ള പ്രധാന കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ച് വഴി കണ്ടെത്തി പുറക് വശത്ത് നിർമ്മാണം നടത്തുന്നതിനാണ് അറിയിച്ചിട്ടുള്ളത്. എന്നിരുന്നാലും, മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം ബ്ലോക്ക് ഭരണ സമിതിയുടെയും ആരോഗ്യ വകുപ്പിന്റെയും കൂട്ടായ സ്ഥലപരിശോധനയിൽ റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടം പൊളിക്കുന്നത് നിലവിലുള്ള ഉപയോഗത്തെ ബാധിക്കുമെന്ന് കണ്ടതിനാൽ തൊട്ടടുത്തുള്ള 290/F നമ്പർ ക്വാട്ടേഴ്സ് കെട്ടിടം പൊളിച്ച് തൽസ്ഥാനത്ത് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തണമെന്ന് തീരുമാനിച്ചിരുന്നു. ഈ തീരുമാന |

| | | | |
|---|---|---|---|
| | | | പ്രകാരം മേൽ വിവരം ആരോഗ്യവകുപ്പിനെ അറിയിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നു. മുൻ തീരുമാനപ്രകാരമുള്ള സ്ഥലം മാറ്റുന്നതിന് ആരോഗ്യ വകുപ്പിന്റെ അനുമതി ലഭ്യമായതായി അറിയില്ലെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുന: പരിശോധനാ തീരുമാന പ്രകാരമുള്ള ക്വാട്ടേഴ്സ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അൺഫിറ്റ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 40 വർഷം കാലപ്പഴക്കമുള്ള മേൽ കെട്ടിടം പരിശോധിച്ചതിൽ വിള്ളലുകളോ സെറ്റിൽമെന്റോ യാതൊന്നും കാണുന്നില്ല. കൂടാതെ, നിലവിലെ ഉപയോഗത്തിലുള്ള കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വിവരങ്ങളും ലഭ്യമല്ല. ആയതിനാൽ അൺഫിറ്റ് നൽകിയിട്ടില്ല. പുതിയ നിർമ്മാണത്തിന്റെ അടിയന്തിര സ്വഭാവവും ആവശ്യകതയും, നിലവിലുള്ള കെട്ടിടത്തിന്റെ കാലപ്പഴക്കവും കണക്കിലെടുത്ത് നിലവിലുള്ള കെട്ടിടം പൊളിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും, ആയത് വരുന്ന ചെലവ് കണക്കാക്കിയ എസ്റ്റിമേറ്റ് സഹിതം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണെന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ